വേണ്ട ഉപദേശങ്ങൾ നൽകുന്നതിനുമായി ഒരു ഉന്നതാധികാര സമിതി രൂപീകരിക്കുക.

(ഇ) ഇല്ല. എന്നാൽ കേന്ദ്രസർക്കാരിന്റെ ടെക്നോളജി അപ്ഗ്രഡേഷൻ ഫണ്ടിൽ നിന്നും ധനകാര്യസ്ഥാപനങ്ങൾ വഴി അഞ്ചു ശതമാനം പലിശയിളവിൽ തുണിമില്ലുകൾക്ക് അവയുടെ യന്ത്രസാമഗ്രികളുടെ നവീകരണത്തിനുവേണ്ടി ദീർഘകാല വായ്പകൾ ലഭ്യമാണ്.

(എഫ്)&(ജി)ടെക്സ്റ്റയിൽ മേഖലയുടെ വികസനത്തിനായി കേന്ദ്ര ഗവൺമെന്റ് ആവിഷ്കരിച്ച 25,000 കോടി രൂപയുടെ ടെക്നോളജി അപ്ഗ്രഡേഷൻ ഫണ്ട് ആദ്യം പ്രഖ്യാപിക്കപ്പെട്ടപ്പോൾ സ്പിന്നിംഗ് മില്ലുകൾക്ക് അതിന്റെ പ്രയോജനം ഉദ്ദേശിക്കപ്പെട്ടിരുന്നില്ല. സംസ്ഥാനത്തെ മില്ലുകളിൽ ഭൂരിഭാഗവും സ്പിന്നിംഗ് മില്ലുകൾ ആയതിനാൽ അവയുടെ ഉന്നമനം ലക്ഷ്യമാക്കിക്കൊണ്ട് സംസ്ഥാന ഗവൺമെന്റ് ടി ഫണ്ടിന്റെ പ്രയോജനം സ്പിന്നിംഗ് മില്ലുകൾക്കും ലഭ്യമാക്കണമെന്ന് കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തുകയുണ്ടായി. തൽഫലമായി 1999-2000-ാം മാണ്ടിലേക്കുള്ള കേന്ദ്ര ബഡ്ജറ്റിൽ ഈ ഫണ്ടിന്റെ പ്രയോജനം സ്പിന്നിംഗ് മില്ലുകൾക്കുംകൂടി ലഭ്യമാകുന്നതാണെന്ന് പ്രഖ്യാപിക്കപ്പെട്ടുകഴിഞ്ഞു. സംസ്ഥാനത്തെ പൊതുമേഖലയിലെയും സഹകരണമേഖലയിലെയും സ്പിന്നിംഗ് മില്ലുകൾ അവയുടെ നവീകരണ പദ്ധതികൾക്കാവശ്യമായ ദീർഘകാല വായ്പാ അപേക്ഷകൾ (മേൽവിവരിച്ച പലിശയിളവോടെയുള്ള) പ്രത്യേകമായി ഇൻഡസ്ട്രിയൽ ഡവലപ്മെന്റ് ബാങ്കിൽ സമർപ്പിക്കുന്നതാണ്. കേന്ദ്രഗവൺമെന്റ് പ്രഖ്യാപിച്ച ടെക്നോളജി അപ്ഗ്രഡേഷൻ ഫണ്ടിൽ നിന്നും കുറഞ്ഞ പലിശനിരക്കിൽ നവീകരണത്തിനുവേണ്ടിയുള്ള ദീർഘകാല വായ്പയ്ക്കായി യോഗ്യമായ അപേക്ഷകൾ തയാറാക്കിക്കൊണ്ടിരിക്കുകയാണ്.

15 (*135) താലൂക്കുകളുടെയും വില്ലേജുകളുടെയും പുനഃവിഭജനം

ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. കെ.പി. സതീശ്ചന്ദ്രൻ :
ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. എം. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ താലൂക്കുകളും, വില്ലേജുകളും പുനഃവിഭജനം നടത്തുന്നതു സംബന്ധിച്ച് സർക്കാർ നിയമിച്ച ബാബുപോൾ കമ്മീഷൻ സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

(ബി) ഇതിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം തുടർനടപടി സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ;

(സി) പുതിയ താലൂക്കുകളുടെയും വില്ലേജുകളുടെയും രൂപീകരണം സംബന്ധിച്ച് സർക്കാർ എന്തെങ്കിലും മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ടോ;

(ഡി) പുതിയ താലൂക്കുകളുടെയും, വില്ലേജുകളുടെയും രൂപീകരണത്തിൽ ജനസംഖ്യയും, വിസ്തീർണ്ണവും പ്രധാന മാനദണ്ഡമായി അംഗീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) :

(എ) ഉണ്ട്.

(ബി) റിപ്പോർട്ട് ഗവൺമെന്റ് അംഗീകരിച്ചിട്ടില്ല. പരിശോധനയിലാണ്.

(സി) നിലവിലുള്ള മാനദണ്ഡമനുസരിച്ച് ഒരു പുതിയ താലൂക്ക് രൂപീകരിക്കുവാൻ 600 ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണവും. 4.5 മുതൽ 5ലക്ഷംവരെ ജനസംഖ്യയും വേണം.

വില്ലേജ് രൂപീകരിക്കുന്നതിനുള്ള മാനദണ്ഡം, പുനഃസംഘടനയ്ക്കുശേഷമുള്ള വില്ലേജിന്റെ വിസ്തീർണ്ണം 25 ചതുരശ്ര കിലോമീറ്ററും ജനസംഖ്യ 25000- ഉം ആയി നിശ്ചയിച്ചിട്ടുണ്ട്. ജനസംഖ്യയിൽ 10000 വർദ്ധനയുണ്ടെങ്കിൽ വിസ്തീർണ്ണത്തിൽ അനുപാതികമായി കുറയും, മറിച്ചും ആകാവുന്നതാണ്.

(ഡി) ജനസംഖ്യയും വിസ്തീർണ്ണവുമാണ് പ്രധാന മാനദണ്ഡമായി സ്വീകരിച്ചിട്ടുള്ളത്. കൂടാതെ ഭൂമിശാസ്ത്രപരമായ പിന്നോക്കാവസ്ഥയും പരിഗണിക്കാറുണ്ട്.

16 (*136) വ്യവസായനയം പ്രഖ്യാപിച്ചതിനുശേഷമുള്ള പുരോഗതി

ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. സി.എഫ്. തോമസ് :
ശ്രീ. മാമ്മൻ മത്തായി :
ശ്രീ. കെ.എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായനയം പ്രഖ്യാപിച്ചതിനുശേഷം വ്യാവസായിക മേഖലയിലുണ്ടായ പുരോഗതി എത്രയാണെന്ന് വിശദമാക്കുമോ;

(ബി) വൈദ്യുതി ചാർജ്ജ് വർദ്ധനവുമൂലം സംസ്ഥാനത്തെ പൊതുമേഖലാസ്ഥാപനങ്ങൾ പ്രതിസന്ധിയിലാകുമോയെന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്നറിയുമോ;

(ഡി) വ്യവസായനയം പുനഃപരിശോധിക്കണമെന്ന് ഏതെങ്കിലും തൊഴിലാളി സംഘടനകൾ ആവശ്യമുന്നയിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ ഇക്കാര്യത്തിൽ സർക്കാരിന്റെ നിലപാട് വെളിപ്പെടുത്തുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ) കിൻഫ്രയുടെ തിരുവനന്തപുരത്തുള്ള അപ്പാരൽ പാർക്കിലും കൊച്ചിയിലുള്ള കയറ്റുമതി വ്യവസായ പാർക്കിലും വ്യവസായങ്ങൾ ആരംഭിക്കുന്നതിനായി വ്യവസായ സംരംഭകർ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ടെക്നോ പാർക്കിൽ ഇതിനുശേഷം 6 കമ്പനികൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കേരള വ്യവസായ വികസന കോർപ്പറേഷൻ 904 കോടി രൂപ മുതൽ മുടക്ക് പ്രതീക്ഷിക്കുന്ന 43 പദ്ധതികൾക്ക് നിക്ഷേപാനുമതി നൽകിയിട്ടുണ്ട്. ഇവ പൂർത്തിയാകുമ്പോൾ ഏകദേശം 7000 ലേറെ പേർക്ക് നേരിട്ട്

LIBRARY ARCHIVES Kerala Legislative Assembly